# പ്ലാച്ചിമടയുടെ ആഗോളവിജയം: ഞങ്ങൾ കണ്ടതും കേട്ടതും

അന്നയും കരോലിന സീമൺസും

*കേരളീയത്തിനയച്ച ഇ-മെയിലിൽ നിന്ന്*

**കൊക്കകോളയ്ക്കെതിരെ** പ്ലാച്ചിമടയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ സമരം, കോളയെ ജീവിതത്തിന്റെ ഭാഗമായിട്ടംഗീകരിച്ചാഘോഷിയ്ക്കുന്ന ഞങ്ങളുടെ സമൂഹത്തിന്റെ ഉപഭോഗപരതയ്ക്കും ഒരു താക്കീതാണ്. ഈ സന്ദർശനത്താൽ ഞങ്ങൾക്ക് ബോധ്യംവന്നതാണ്. കോളകമ്പനി ഇന്നാട്ടിലെ പ്രകൃതിയെയും മനഷ്യരെയും ചൂഷണം ചെയ്ത് പണമുണ്ടാക്കുന്നത് എങ്ങനെ എന്നത്. അതുകൊണ്ടുതന്നെ കമ്പനിക്ക് ആഗോളതലത്തിലുള്ള മിന്നുന്ന പ്രതിച്ഛായ തകർക്കേണ്ടതിന്റെ ആവശ്യകതയും നമുക്കനുഭവപ്പെടുന്നു.

പ്ലാച്ചിമടയിലെ ജനങ്ങളുടെ വിജയം, അത് ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു. മാതൃകാപരമാണത്, അനീതിയ്ക്കെതിരെയുള്ള യുദ്ധം, ഇതു നമ്മെക്കൊണ്ടെത്തിക്കുന്നത് 'കോർപറേറ്റ് ആഗോളവത്കരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ചുള്ള ചിന്തയിലേക്കാണ്. അതായത് വിഭവങ്ങൾ ആരുടെ കൈവശമായിരിയ്ക്കണം എന്ന പഴയ ചോദ്യം കമ്പനികളുടേയോ അതോ ജനങ്ങളുടെയോ ?

ഇന്ത്യയൊട്ടുക്കും കൊക്കകോള സമരത്തിന്റെ അലയൊലികൾ എത്തിയിട്ടുണ്ട്. ജനപിന്തുണ തന്നെയാണിതിന്റെ ശക്തി.

ഈ സമരത്തിന്റെ മറ്റൊരു നേട്ടം എന്നത് ഇതിന് മറ്റു പ്രാദേശിക സമരങ്ങളുമായി കണ്ണിചേർന്ന് ആഗോളവത്കരണത്തിനെതിരെ അണിചേരാനും ലോക സോഷ്യൽ ഫോറത്തിൽ പങ്കെടുക്കുവാനും സാധിച്ചു എന്നതാണ്. ഇത് പ്ലാച്ചിമടയെ സംബന്ധിച്ചും വളരെ നിർണ്ണായകമാണ്. എന്തെന്നാൽ അവിടത്തെ ചൂഷിതർ തങ്ങളുടെ നിലിനിൽപ്പിനുവേണ്ടി സമരം ചെയ്യുന്നത് ആഗോള കമ്പനികളോടാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ സന്ദർശനം പ്ലാച്ചിമടയിലെ സുഹൃത്തുക്കളോടുള്ള ഒരോർമ്മപ്പെടുത്തലാണ്. അകലെയാണെങ്കിലും നമ്മൾ ഒരുമിച്ചാണെന്ന്.

ഇത് ഒരു വലിയ വെല്ലുവിളിതന്നെയാണ്. നീതിയുക്തമായ ഒരു സമൂഹത്തിന്റെ നിലനിൽപ്പാഗ്രഹിക്കുന്നവർക്ക്, ആഗോള കമ്പനികളുടെയും ലോകബാങ്കിന്റെയും അജണ്ടകളെയെതിർത്ത് മനുഷ്യരെയും പ്രകൃതിയെയും ചൂഷണം ചെയ്യാത്ത, സ്വന്തം വികസന മാതൃകകൾ സ്വപ്നം കാണുന്നവർക്ക്.

*അന്നയും കരോലിനയും ഡെൻമാർക്കിൽ സാമൂഹ്യ പ്രവർത്തകരാണ് ഈയിടെ പ്ലാച്ചിമട സന്ദർശിച്ചിരുന്നു*
*തർജ്ജമ : ശ്രീജ കെ.എം.*

---

തദ്ദേശീയർക്ക് ശുദ്ധജലം നഷ്ടപ്പെട്ടുവെന്നത് പരിഹരിക്കപ്പെടാതെയിരിക്കുന്നത് മുമ്പു പറഞ്ഞ കാരണങ്ങൾ കൊണ്ടാണ്. ഇത് സമരത്തിന്റെ സ്വഭാവമാണ്, ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയാവസ്ഥയിൽ പരിമിതിയാണ്. എന്നാൽ പുതിയ സമരരൂപങ്ങൾക്കും രാഷ്ട്രീയത്തിനും ദിശാബോധം നൽകുന്നുവെന്ന രീതിയിൽ ഇതു ശക്തിയുമാണ്. ഇതിന്റെ പരിമിതികളെ അതിജീവിക്കണമെങ്കിൽ, ഈ ശരിയായ രാഷ്ട്രീയം മുഖ്യധാരാ രാഷ്ട്രീയത്തിന്റെ അജണ്ടയായി മാറണം. ഭരണകൂടത്തിന്റെ നിയന്ത്രണം ഇന്നും അവർക്കുതന്നെയാണല്ലോ. തീരുമാനങ്ങൾ എടുക്കാനുള്ള അധികാരമുള്ളവർ അതിനു പ്രേരിപ്പിക്കപ്പെടണം. അതിനായുള്ള സമരരീതികളാണിനി ഉണ്ടാകേണ്ടത്. ഇതിന് നിയമത്തിന്റെ വഴി വളരെക്കുറച്ചു മാത്രമേ സഹായകമാകുകയുള്ളൂ. ഭരണകൂടവുമായും മുഖ്യധാരാ രാഷ്ട്രീയവുമായും സമരവും



സംവാദവും നടത്താനുള്ള ശേഷി സമരപ്രസ്ഥാനങ്ങൾ നേടുകയെന്നതാണ് പ്രധാനം.

ഇതുനേടുന്നതനുസരിച്ചായിരിക്കും സമരത്തിന്റെ ഭാവി. ഇന്നത്തെ നിലയിൽ ഇതല്ലാതെ മറ്റൊരുവഴിയുമില്ല. സമരത്തിലേർപ്പെട്ടിരിക്കുന്നവരും അതിനോട് ഐക്യദാർഢ്യമുള്ളവരും ഇതിനായി ശ്രമിക്കുകയെന്നതാണ് ഇന്നത്തെ അനിവാര്യത. കോടതിയടക്കമുള്ള അധികാര കേന്ദ്രങ്ങളുമായി അർത്ഥപൂർണ്ണമായ സംവാദത്തിന് ഇന്നുള്ള പ്രസ്ഥാനങ്ങൾ ഒട്ടേറെ മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. പ്ലാച്ചിമടയിലെ കേന്ദ്രപ്രശ്നം പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിച്ച് തെളിയിച്ചെടുക്കുന്നതിന് ഇപ്പോഴും കഴഞ്ഞിട്ടില്ലെന്ന നിരീക്ഷണം അംഗീകരിക്കണം. ആ പരിമിതി മറികടക്കണം. ജീവജലം നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭിക്കണം. ഇതിനായിട്ടുള്ള സമരത്തിന് ഊന്നൽ നൽകണം.